ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. സെക്രട്ടറിയെ കൽപ്പറ്റ നഗരസഭയിൽ നിന്നും സ്ഥലം മാറ്റി നിയമിച്ചിട്ടുണ്ട്.

പഞ്ചായത്തുകൾക്ക് മാത്രമായി എഞ്ചിനീയറിംഗ് വിംഗ്

98 [2530] *ശ്രീ. പി. കെ. കെ. ബാവ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകൾക്ക് മാത്രമായി എഞ്ചിനീയറിംഗ് വിംഗ് രൂപീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രത്യേക വകുപ്പായാണോ പഞ്ചായത്ത് വകുപ്പിനുള്ളിൽ നിന്നു കൊണ്ടുള്ള വിംഗായാണോ ഉദ്ദേശിക്കുന്നത്;

(സി) മുനിസിപ്പാലിറ്റികളിലേയും മറ്റും പോലെ ഒരു സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കീഴിൽ പഞ്ചായത്ത് വകുപ്പുനുള്ളിൽ വരത്തക്കവിധം വിംഗ് രൂപീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തീരുമാനം എടുത്തിട്ടില്ല.

(സി) തീരുമാനം എടുത്തിട്ടില്ല.

സഹകരണ ബാങ്കുകളുമായി സഹകരിച്ച് ഭവന നിർമ്മാണ പദ്ധതികൾ

99 [2531] *ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:*
ശ്രീ. ജോസഫ് എം. പുതുശ്ശേരി:
,, സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളുമായി സഹകരിച്ച് സംസ്ഥാനത്ത് ഭവനരഹിതർക്കുള്ള ഭവന നിർമ്മാണ പദ്ധതികൾ എത്ര പഞ്ചായത്തുകൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിവഴി എത്ര ഗുണഭോക്താക്കൾക്ക് വീട് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി ഇപ്പോഴും നിലവിലുണ്ടോ;

GPM. 2/588/2012—17

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇല്ലെങ്കിൽ തുടർന്ന് നടത്താനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഗവൺമെന്റ് നൽകുന്ന പദ്ധതി വിഹിതം/ഗ്രാമ പഞ്ചായത്തുകളുടെ തനത് ഫണ്ട് എന്നിവ വിനിയോഗിച്ച് വരുംവർഷങ്ങളിൽ തിരിച്ചടയ്ക്കാമെന്ന വ്യവസ്ഥയിൽ സഹകരണ ബാങ്കുകളിൽ നിന്ന് വായ്പ എടുത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകുന്നതിനുള്ള വായ്പാധിഷ്ഠിത ഭവന നിർമ്മാണ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, വയനാട് ജില്ലകളിലായി 36 ഗ്രാമ പഞ്ചായത്തുകൾക്ക് അനുമതി നൽകിയിട്ടുണ്ട്.

(ബി) വായ്പാധിഷ്ഠിത ഭവന നിർമ്മാണ പ്രോജക്ടുകൾക്ക് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കും നടപടിക്രമങ്ങൾക്കും അനുസൃതമായി ഗ്രാമ പഞ്ചായത്തുകൾ നടപടികൾ സ്വീകരിച്ചു വരികയാണ്. വീട് ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

(സി) & (ഡി) 1-4-2005-നുശേഷം വായ്പാധിഷ്ഠിത ഭവന നിർമ്മാണ പ്രോജക്ടുകൾക്ക് ലഭിച്ച അപേക്ഷകൾക്ക് അനുമതി നൽകിയിട്ടില്ല.

കുന്ദമംഗലം പി.എച്ച്.സി.യിൽ ഡോക്ടർമാർക്ക് ക്വാർട്ടേഴ്സ്

100 [2532] *ശ്രീ. യു. സി. രാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം പി.എച്ച്.സി.യിൽ ഡോക്ടർമാർക്കു വേണ്ടി ക്വാർട്ടേഴ്സ് നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്ത് നടപടിയാണ് ഇതിനുവേണ്ടി സ്വീകരിച്ചത്;

(സി) കുന്ദമംഗലം പി.എച്ച്.സി.യിൽ ക്വാർട്ടേഴ്സ് നിർമ്മാണം എന്നത്തേക്ക് പ്രാവർത്തികമാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കുന്ദമംഗലം പഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഡോക്ടർമാർക്കുള്ള ക്വാർട്ടേഴിസിന്റെ പ്രാരംഭ നിർമ്മാണ പ്രവൃത്തികൾ നടന്നിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട എഞ്ചിനീയർമാർ പ്രവൃത്തി പരിശോധന നടത്തിയതിൽ ചില സാങ്കേതിക അപാകതകൾ ചൂണ്ടികാണിച്ചിട്ടുണ്ട്. പഞ്ചായത്ത് അധികൃതരുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് കുന്ദമംഗലം പഞ്ചായത്ത് ഏറ്റെടുത്തു നടത്തുന്ന പ്രവൃത്തിയായതിനാൽ സാങ്കേതിക തകരാറുകൾ പരിഹരിച്ച് എത്രയും

LIBRARY ARCHIVES Kerala Legislative Assembly